# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03-08-2026**

### പ്രധാനവാർത്തകൾ

1. നീറ്റ് ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം. ഇരുസഭകളും രണ്ട് മണിവരെ നിർത്തിവെച്ചു.
2. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
3. വടക്കൻ ജില്ലകളിൽ മഴയോടൊപ്പം കെടുതികളും രൂക്ഷമായി തുടരുന്നു. മഴ സാഹചര്യം വിലയിരുത്തി മുഖ്യമന്ത്രി വി ഡി സതീശൻ. മരണസംഖ്യ 15 ആയി.
4. തിരുവനന്തപുരത്ത് പരിശോധനയ്ക്കിടെ എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ ഒൻപതു പേർക്ക് ജാമ്യം നൽകി ഹൈക്കോടതി.
5. സംസ്ഥാനത്ത് ഈ മാസത്തെ റേഷൻ വിതരണം ആരംഭിച്ചു. ഓണത്തോടനുബന്ധിച്ചുള്ള പ്രത്യേക വിഹിതവും ഇത്തവണ ലഭിക്കും.
6. മുലയൂട്ടൽ ജീവിതത്തിന്റെ സുസ്ഥിരമായ തുടക്കത്തിന് എന്ന പ്രമേയവുമായി ലോക മുലയൂട്ടൽ വാരാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്.

RNU TVPM

## പാർലമെൻറ്

നീറ്റ് ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധത്തിന് നേരെയുണ്ടായ പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം. ലോക്സഭയും രാജ്യസഭയും 2 മണി വരെ നിർത്തിവെച്ചിരിക്കുകയാണ്. സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കുന്നത് സംബന്ധിച്ച ഭേദഗതി ബിൽ ഇന്ന് ലോക്സഭയിലും 'സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വികസന (ഭേദഗതി) ബിൽ രാജ്യസഭയിലും അവതരിപ്പിക്കും.

❁❁❁❁❁❁❁❁❁❁❁

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലോടു കൂടിയ മഴയൊടൊപ്പം ശക്തമായ കാറ്റും അനുഭവപ്പെടും. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് ഒഴികെയുള്ള 10 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മുന്നറിയിപ്പ് നിലനിൽക്കുന്ന ജില്ലകളിൽ അടുത്ത 24 മണിക്കൂറിൽ 115.6 മില്ലിമീറ്റർ മുതൽ 204.4 മില്ലിമീറ്റർ വരെ മഴ ലഭിക്കുമെന്ന് മുന്നറിയിപ്പുണ്ട്. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരിക്കുകയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - യോഗം

സംസ്ഥാനത്തെ മഴ സാഹചര്യം വിലയിരുത്തുന്നതിന് മുഖ്യമന്ത്രി വി.ഡി.സതീശൻറെ അധ്യക്ഷതയിൽ അടിയന്തര യോഗം ചേർന്നു. മഴക്കെടുതികളിൽ ഇതുവരെ 15 മരണം റിപ്പോർട്ട് ചെയ്തതതായി അവലോകന യോഗത്തിന് ശേഷം മുഖ്യമന്ത്രി

RNU TVPM

അറിയിച്ചു. ഏഴ് പേരെ കാണാതായി. കൃഷിനാശം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കും. ഇത് സംബന്ധിച്ച് അടുത്ത മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ജലസംഭരണികളിൽ നിന്ന് ജലം ഒഴുക്കി വിടുന്നു എന്ന തരത്തിലുള്ള വ്യാജ പ്രചാരണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## പത്തനംതിട്ട - മഴ

പത്തനംതിട്ട ജില്ലയിൽ മലയോര മേഖലയിലുൾപ്പെടെ മഴ തുടരുന്നു. താഴ്ന്നപ്രദേശങ്ങളിൽ താമസിക്കുന്നവർ നിർബന്ധമായും സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറണമെന്ന് അധികൃതർ നിർദേശം നൽകി. മൂഴിയാർ ഡാമിൻറെ ഒരു ഷട്ടർ 15 സെൻറിമീറ്റർ ഉയർത്തി. കക്കാട്ടാറിൻറെയും പമ്പാനദിയുടെയും തീരത്തുള്ളവർ ജാഗ്രത പാലിക്കണം. പമ്പാ ത്രിവേണിയിലും ജലനിരപ്പ് ഉയരുന്നുണ്ട്. മഴക്കെടുതികളുടെ പശ്ചാത്തലത്തിൽ ശബരിമലയിൽ എത്തുന്ന ഭക്തർക്ക് പമ്പാസ്നാനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി - കൊല്ലം

കൊല്ലം തങ്കശേരി ഹാർബറിൽ നിന്ന് വെള്ളപ്പൊക്കം രൂക്ഷമായ മേഖലകളിലേക്ക് കൂടുതൽ ബോട്ടുകൾ എത്തിക്കാൻ ഉള്ള പ്രവർത്തനം മന്ത്രി ബിന്ദു കൃഷ്ണയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഇന്ന് പത്ത് ബോട്ടുകളിലായി 40 മത്സ്യത്തൊഴിലാളികളാണ് റാന്നി, തിരുവല്ല മേഖലകളിലേക്ക് എത്തുന്നത്. തങ്കശേരിയിൽ നിന്ന് ആറന്മുളയിലേക്കും വള്ളങ്ങൾ എത്തും. അതെസമയം, കൊല്ലത്ത് കഴിഞ്ഞ ദിവസം മത്സ്യബന്ധനവള്ളം മറിഞ്ഞ് കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. കന്യാകുമാരി സ്വദേശി അർജുൻറെ മൃതദേഹം തങ്കശ്ശേരിഭാഗത്ത് നിന്നാണ് കണ്ടെത്തിയത്.

RJU TVPM

❁❁❁❁❁❁❁❁❁❁❁

ആലപ്പുഴ - മഴ (ഇൻട്രോ)

ശക്തമായ മഴയ്ക്ക് നേരിയ ശമനം ഉണ്ടായെങ്കിലും കിഴക്കൻ വെള്ളത്തിൻറെ വരവ് തുടരുന്നതിനാൽ കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രിതിനിധി ആർ.രവികുമാർ..**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁

കെഎസ്ആർടിസി ബസ് മറിഞ്ഞു

പാലക്കാട് പോത്തുണ്ടിയിൽ കെഎസ്ആർടിസി ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരു മരണം. പുലയമ്പാറ സ്വദേശിനി എൻ.ജയന്തിയാണ് മരിച്ചത്. നെല്ലിയാമ്പതിയിൽ നിന്ന് നെന്മാറയിലേക്ക് വരികയായിരുന്ന ബസാണ് പോത്തുണ്ടി ചെക്ക് പോസ്റ്റിന് സമീപം അപകടത്തിൽ പെട്ടത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁

കോട്ടയം - മഴ (ഇൻട്രോ)

കോട്ടയത്ത് കനത്ത മഴയിൽ മീനച്ചിലാറ്റിൽ ജലനിരപ്പ് ക്രമാതീതമായി ഉയരുന്നു. മഴ ശക്തമായതോടെ താഴ്ന്ന പ്രദേശങ്ങളിൽ വീണ്ടും വെള്ളപ്പൊക്ക ഭീതി നിലനിൽക്കുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ.....**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁

മന്ത്രി സണ്ണി ജോസഫ്

കാലാവർഷക്കെടുതിയിൽ സംസ്ഥാനത്ത് ഇതുവരെ നാല് ലക്ഷത്തിലേറെ വൈദ്യുതി കണക്ഷൻ തകരാറിലായതായി മന്ത്രി സണ്ണി ജോസഫ്. ഇതിൽ 92 ശതമാനം വൈദ്യുതി ബന്ധവും പുനസ്ഥാപിച്ചതായി അദ്ദേഹം കണ്ണൂരിൽ അറിയിച്ചു. മഴക്കെടുതികളിൽ പത്തനംതിട്ട, കണ്ണൂർ

ജില്ലകളിലാണ് കെ എസ് ഇ ബി ക്ക് ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത്.

❁❁❁❁❁❁❁❁❁❁❁

## മലപ്പുറം - മണ്ണിടിച്ചിൽ

മലപ്പുറം - പരപ്പനങ്ങാടി നാടുകാണി സംസ്ഥാനപാതയിൽ വൻ മണ്ണിടിച്ചിൽ. റോഡിലേക്ക് മണ്ണ് പൂർണമായും ഇടിഞ്ഞുവീണു. ഇന്നലെ രാത്രി മുതൽ സ്കൂളും വീടുകളും ഉൾപ്പെടുന്ന ജനവാസമേഖലയിൽ മണ്ണിടിച്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁

## മഴ - ജനറൽ (ഇൻട്രോ)

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്കൊപ്പം മഴക്കെടുതികളും രൂക്ഷം. മലപ്പുറം മുതൽ കാസർഗോഡ് വരെ ഓറഞ്ച് മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ അതീവ ജാഗ്രതയിലാണ് ജില്ലാ ഭരണകൂടങ്ങൾ.

**വിശദാംശങ്ങളിലേക്ക്.....**

**(വോയിസ്)**

കോഴിക്കോട് മഴയ്ക്ക് അല്പം ശമനമുണ്ടെങ്കിലും താഴ്ന്ന പ്രദേശങ്ങളിൽ പലയിടത്തും വെള്ളം കെട്ടിക്കിടക്കുകയാണ്. ജില്ലയിൽ 30 ദുരിതാശ്വാസ ക്യാമ്പുകളിലായി 862 പേരാണ് കഴിയുന്നത്. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കക്കയം ജലസംഭരണിയിൽ റെഡ് അലർട്ട് തുടരുകയാണ്. കാലവർഷക്കെടുതിയിൽ കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ കണ്ണൂർ ജില്ലയിൽ രണ്ടു വീടുകൾ പൂർണമായും 54 വീടുകൾ ഭാഗികമായും തകർന്നു. 14 ദുരിതാശ്വാസ ക്യാമ്പുകൾ ആണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. കൊട്ടിയൂർ - പാൽച്ചുരം റോഡ് പൂർണ്ണമായും അടച്ചതിനാൽ വയനാട്ടിലേക്ക് ബദൽ യാത്രാ ക്രമീകരണം ഏർപ്പെടുത്തി. പറശ്ശിനിക്കടവ്-വളപട്ടണം മേഖലയിലെ ബോട്ട് സർവീസ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ഇടുക്കിയിൽ മലയോരമേഖലയിൽ മഴയ്ക്ക് ശമനമില്ല. മണ്ണിടിച്ചിൽ സാധ്യത കണക്കിലെടുത്ത് ദേശീയ പാത

RIJU TVPM

- 85 ൽ നേര്യമംഗലം മുതൽ അടിമാലി വരെ ഗതാഗതം പൂർണമായും നിരോധിച്ചു. കനത്ത മഴ തുടരുന്ന കാസർഗോഡ് ജില്ലയിൽ ജാഗ്രത തുടരണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

☸☸☸☸☸☸☸☸☸☸☸

## ജാമ്യം അനുവദിച്ചു

തിരുവനന്തപുരത്ത് പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ വസതിയിൽ റെയ്ഡ് കഴിഞ്ഞ് മടങ്ങിയ ഇ.ഡി സംഘത്തെ ആക്രമിച്ച കേസിൽ 9 പേർക്ക് ജാമ്യം അനുവദിച്ച് ഹൈക്കോടതി. കർശന ഉപാധികളോടെയാണ് ജാമ്യം. വധശ്രമക്കേസ് നിലനിൽക്കില്ലെന്ന് കോടതി നിരീക്ഷിച്ചു.

☸☸☸☸☸☸☸☸☸☸☸

## റേഷൻ വിതരണം ആരംഭിച്ചു

ഈ മാസത്തെ റേഷൻ വിതരണം സംസ്ഥാനത്ത് ആരംഭിച്ചു. ഓണത്തോടനുബന്ധിച്ചുള്ള പ്രത്യേക വിഹിതവും ഈ മാസത്തെ റേഷനൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. നീല, വെള്ള കാർഡ്കാർക്കും ക്ഷേമ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുള്ള ബ്രൗൺ കാർഡുകൾക്കും ഇത്തവണ അധിക വിഹിതമായി
10 കിലോ അരി 26 രൂപ നിരക്കിലും സ്പെഷ്യൽ വിഹിതമായി 2 കിലോഗ്രാം ഗോതമ്പും വിതരണം ചെയ്യും .

☸☸☸☸☸☸☸☸☸☸☸

## ലോക മുലയൂട്ടൽ വാരം

ലോക മുലയൂട്ടൽ വാരാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. "മുലയൂട്ടൽ ജീവിതത്തിന്റെ സുസ്ഥിരമായ തുടക്കത്തിന്" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഈ മാസം 7 വരെയാണ് ലോക മുലയൂട്ടൽ വാരം.

☸☸☸☸☸☸☸☸☸☸☸

RNU TVPM

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഈ വർഷവും ഹർ ഘർ തിരംഗ പരിപാടി ആവേശത്തോടെ മുന്നോട്ട് കൊണ്ടുപോകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ മാസം15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു.

☸☸☸☸☸☸☸☸☸☸☸

## ശബരിമല

ശബരിമലയിൽ നിറപുത്തരി പൂജകൾ നടന്നു. പതിനെട്ടാം പടിയ്ക്ക് സമീപത്തു നിന്നും നെൽകറ്റകൾ പ്രദക്ഷിണമായി ശ്രീകോവിലിന് മുന്നിലെ മണ്ഡപത്തിൽ എത്തിച്ച് തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ കാർമ്മികത്വത്തിൽ പൂജകൾക്ക് ശേഷം ഭക്തർക്ക് നെൽക്കതിരുകൾ പ്രസാദമായി വിതരണം ചെയ്തു.

☸☸☸☸☸☸☸☸☸☸☸

## വോട്ടർ രജിസ്ട്രേഷൻ

വോട്ടർ രജിസ്ട്രേഷൻ സംബന്ധിച്ച് ലക്ഷദ്വീപ് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ കവരത്തി ദ്വീപിൽ അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിച്ചു. രജിസ്ട്രേഷൻ പ്രക്രിയ കൂടുതൽ ലളിതമാക്കുന്നതിനുള്ള നൂതന മാർഗങ്ങളും മികച്ച പ്രവർത്തന രീതികളും ചർച്ച ചെയ്യുന്നതിനായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും വിവിധ മേഖലകളിലെ പ്രതിനിധികളും ശിൽപശാലയിൽ പങ്കെടുത്തു

☸☸☸☸☸☸☸☸☸☸☸

## പിഐബി ഫാക്ട് ചെക്ക്

ന്യൂഡൽഹിയിലെ ജന്തർ മന്തറിൽ പ്രതിഷേധങ്ങൾ പുനരാരംഭിച്ചു എന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. തെറ്റായ ഉള്ളടക്കങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധനാ യൂണിറ്റ് അറിയിച്ചു.

RNU TVPM